ഉത്തരം

(എ) അനുബന്ധം (എ)യിൽ ചേർത്തിട്ടുണ്ട്.*

(ബി) അനുബന്ധം (ബി)യിൽ ചേർത്തിട്ടുണ്ട്.*

(സി) ഇവിടെ കിടത്തിചികിത്സ തുടങ്ങിയിട്ടുണ്ട്. ഐ.പി., ഒ.പി. നല്ല രീതിയിൽ പ്രവർത്തിക്കുന്നു. ട്രൈബൽ വകുപ്പിന്റെ കീഴിൽ പ്രവർത്തിച്ചിരുന്ന ഈ ആശുപത്രി ഇപ്പോൾ നല്ല രീതിയിൽ പ്രവർത്തിച്ചുവരുന്നു.

കാസർഗോഡ് ജില്ലാ ആശുപത്രിയുടെ വികസനം

15 (1735) ശ്രീ. പള്ളിപ്രം ബാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കാസർഗോഡ് ജില്ലാ ആശുപത്രിയിൽ സീനിയർ സർജൻ തസ്തിക നിലവിലുണ്ടോ ;

(ബി) ഇല്ലെങ്കിൽ തസ്തിക സൃഷ്ടിച്ച് നിയമനം നടത്തുവാൻ നടപടി സ്വീകരിക്കുമോ ;

(സി) ജില്ലാ ആശുപത്രിയിലെ പേ വാർഡിൽ അടിസ്ഥാന സൗകര്യങ്ങളും, ചികിത്സാ ഉപകരണങ്ങളും ഇല്ലെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ ഇവ ലഭ്യമാക്കുവാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ&ബി) കാഞ്ഞങ്ങാട് ജില്ലാ ആശുപത്രിയിൽ സ്പെഷ്യാലിറ്റി കേഡർ നടപ്പിലാക്കിയതിന്റെ ഭാഗമായി സർജറി വിഭാഗത്തിൽ കൺസൾട്ടന്റിന്റെയും ജൂനിയർ കൺസൾട്ടന്റിന്റേയും തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ട്. ഒഴിഞ്ഞുകിടക്കുന്ന ജൂനിയർ കൺസൾട്ടന്റ് തസ്തിക ഉടനെതന്നെ നികത്തുന്നതാണ്.

(സി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

ജില്ലാ ആശുപത്രികളിൽ സൈക്യാട്രിസ്റ്റ് നിയമനം

16 (1736) ശ്രീ. പള്ളിപ്രം ബാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ ജില്ലാ ആശുപത്രികളിൽ സൈക്യാട്രിസ്റ്റിന്റെ എത്ര ഒഴിവുകൾ ഉണ്ടെന്ന് വ്യക്തമാക്കുമോ ; ഇത് ഏതെല്ലാം ആശുപത്രികളിലാണെന്ന് വിശദമാക്കുമോ ;

(ബി) ഈ തസ്തികയിലേക്ക് പി.എസ്.സി. നിയമനപ്പട്ടിക നിലവിലുണ്ടോ എന്നറിയിക്കുമോ ;

(സി) ഇല്ലെങ്കിൽ ഈ ഒഴിവുകൾ നികത്തുവാൻ പി.എസ്.സി. മുഖേന നടപടി സ്വീകരിക്കുമോ ?

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly